**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - മുനിസിപ്പൽ കോമൺ സർവ്വീസിൽ റവന്യൂ ഇൻസ്പെക്ടറായി സേവനത്തിൽ നിന്നും വിരമിച്ച ശ്രീ കെ.എ ഉബൈദുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) 2304/18 നമ്പർ കേസിലെ 12.12.2018 തീയതിയിലെ** വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം. 2691/2019/തസ്വഭവ    തീയതി, തിരുവനന്തപുരം, 28.11.2019

പരാമർശം :

1. ശ്രീ കെ.എ ഉബൈദുള്ള സർക്കാരിൽ സമർപ്പിച്ച 10.10.2018 തീയതിയിലെ നിവേദനം (അനക്ഷർ A11)
2. ശ്രീ കെ.എ ഉബൈദുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) 2304/18 നമ്പർ കേസിലെ 12.12.2018 തീയതിയിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 19.10.2019 തീയതിയിലെ ഇ 6-31104/17 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തൃശ്ശൂർ നഗരസഭയിൽ നിന്നും റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ കെ.എ ഉബൈദുള്ളയുടെ വനം വകുപ്പിലെ 01.04.1992 മുതൽ 13.02.2003 വരെയുള്ള സേവന കാലയളവ് മുനിസിപ്പൽ കോമൺ സർവ്വീസിലെ യോഗ്യസേവനകാലത്തിനൊപ്പം ചേർത്ത് ശമ്പളം പരിരക്ഷിച്ചു നൽകണമെന്നും പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) 2304/18 നമ്പർ കേസിലെ 12.12.2018 തീയതിയിലെ ഉത്തരവുപ്രകാരം അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷ (അനെക്ഷർ എ 11) സർക്കാർ പരിശോധിച്ച്. കോടതി ഉത്തരവ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ടിയാനെ നേരിൽകേട്ടതിനുശേഷം തീരുമാനമെടുക്കണമെന്ന് ഉത്തരവായിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശപ്രകാരം 21.01.2019 ന് തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി അപേക്ഷകനെ നേരിൽക്കേട്ടു. വനം വകുപ്പിലെ 01.04.1992 മുതൽ 13.02.2003 വരെയുള്ള സേവനകാലം മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള പരിഷ്കരണത്തിന് അർഹതയില്ലായെന്നും അധികം നൽകിയ ശമ്പളം തിരിച്ചു പിടിച്ചതിനു 24.04.17-ലെ പാലക്കാട് ജില്ലാ ഓഫീസിൽ നിന്നുള്ള (സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്) തടസ്സവാദത്തിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ

ആനുകൂല്യങ്ങൾ ലഭിക്കാൻ തടസ്സമായി നിൽക്കുന്നത് എന്ന് നേരിൽ കേട്ടവേളയിൽ അപേക്ഷകൻ അറിയിച്ചിരുന്നു.

3. ഇക്കാര്യം പരിശോധിച്ചതിൽ സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് മാറ്റം ലഭിച്ചുവരുന്നവരുടെ മുൻകാല സർവ്വീസ് ശമ്പള നിർണ്ണയത്തിന് കണക്കാക്കിക്കൊണ്ട് ജി.ഒ (എം.എസ്) നമ്പർ 162/87/ തസ്വഭവ ഉത്തരവ് പുറപ്പെടുവിക്കുകയും പിന്നീട് അതിന് 31.03.1984 മുതൽക്ക് മുൻകാല പ്രാബല്യം നൽകുകയുമുണ്ടായി. ഈ ഉത്തരവ് 12.09.2006-ലെ ജി.ഒ (എം.എസ്) 211/06/LSGD പ്രകാരം റദ്ദ ചെയ്തു. എന്നാൽ ഈ ഉത്തരവിന് മുൻകാല പ്രാബല്യം നൽകിയിരുന്നില്ല.

4. മുനിസിപ്പൽ കോമൺ സർവ്വീസിൽ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ. കെ.എ ഉബൈദുള്ളയുടെ മുൻകാലസേവനകാലയളവ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന ആവശ്യവുമായി നഗരകാര്യഡയറക്ടർ മുഖാന്തരം സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചിരുന്നതും, അതിൻപ്രകാരം 13.07.1987 ലെ സ.ഉ.(എം.എസ്)നം. 162/87/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മുൻകാല സർക്കാർ സർവീസ് ശമ്പള നിർണയത്തിന് മാത്രമാണ് പരിഗണിക്കാൻ അനുവദിച്ചിട്ടുള്ളത് എന്നും ശ്രീ. ഉബൈദുള്ളയുടെ സേവന പുസ്തകപ്രകാരം ടിയാൾക്ക് ടി ആനുകൂല്യം അനുവദിച്ചിട്ടുള്ളതിൽ അപാകതയില്ലെന്നും ശ്രീ.പി.എ. ഉബൈദുള്ളയുടെ 01.04.1982 മുതൽ 13.2.2003 വരെയുള്ള സർക്കാർ സേവനം ടിയാന്റെ 14.02.2003 മുതലുള്ള മുനിസിപ്പൽ കോമൺ സർവീസിലെ യോഗ്യ സേവനകാലത്തിനൊപ്പം പെൻഷനും DCRG യ്ക്കും വേണ്ടി പരിഗണിക്കാവുന്നതാണ് എന്നും അറിയിച്ചിരുന്നു. എന്നാൽ മുനിസിപ്പൽ കോമൺ സർവീസ്. ഗവൺമെന്റ് സർവീസ് എന്നിവ വ്യത്യസ്ത സർവീസുകളായതിനാൽ ഇൻക്രിമെന്റ്, സമയബന്ധിത ഹയർഗ്രേഡ് എന്നിവയ്ക്ക് മേൽ സർവ്വീസ് പരിഗണിക്കാൻ കഴിയില്ലായെന്നും സർക്കാർ സർവീസിൽ ആർജ്ജിച്ച അവധി മുനിസിപ്പൽ കോമൺ സർവീസിനൊപ്പം പരിഗണിക്കാൻ കഴിയില്ലായെന്നും 22.06.2018 തീയതിയിലെ ഇയു2-312/2017-കത്ത് പ്രകാരം നഗരകാര്യഡയറക്ടർക്ക് സ്പഷ്ടീകരണം നൽകിയിരുന്നു.

5. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ കെ.എ ഉബൈദുള്ള 01.04.1992 മുതൽ 13.02.2003 വരെ വനം വകുപ്പിൽ ഫോറസ്റ്റ് ഗാർഡായി സേവനമനുഷ്ഠിച്ച കാലയളവിലെ ശമ്പളം പരിരക്ഷിച്ചുകൊണ്ട് നഗരസഭാ സെക്രട്ടറി ഉത്തരവാകുകയും തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ശ്രീ. ഉബൈദുള്ളയുടെ വനം വകുപ്പിലെ സേവനം പരിഗണിച്ച് ശമ്പള നിർണ്ണയം നടത്തിയ നഗരസഭാ സെക്രട്ടറിയുടെ നടപടി അംഗീകരിക്കാമോ എന്നത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഓഡിറ്റിന്റെ ആവശ്യപ്രകാരം തൃശ്ശൂർ നഗരസഭാ സെക്രട്ടറി, 25.06.2019-ലെ കത്തു പ്രകാരം നഗരകാര്യ ഡയറക്ടറോട് സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായതായും ശ്രീ. ഉബൈദുള്ളയ്ക്ക് 13.07.1987 ലെ സ.ഉ(എം.എസ്) 162/87/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി അനുവദിച്ച ശമ്പള നിർണ്ണയം റദ്ദ് ചെയ്യാനോ തിരികെ പിടിക്കുവോനോ സർക്കാർ കത്തിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ടിയാന്റെ വനം വകുപ്പിലെ സേവനം ശമ്പള നിർണ്ണയത്തിന് പരിഗണിച്ച നടപടി അംഗീകരിക്കാവുന്നതാണെന്ന് 20.07.2019-ലെ ഇ 6-31104/17 നമ്പർ കത്ത് പ്രകാരം തൃശ്ശൂർ നഗരസഭാ സെക്രട്ടറിയെ അറിയിക്കുകയുണ്ടായി എന്നും അറിയിച്ചിരുന്നു. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ

വനം വകുപ്പിലെ സേവനം പരിഗണിച്ച് ശ്രീ. ഉബൈദുള്ളയുടെ ശമ്പളം നിർണ്ണയിച്ച് നൽകിയ നടപടി തൃശ്ശൂർ നഗരസഭാ സെക്രട്ടറി പുന:സ്ഥാപിച്ച് നൽകിയിട്ടുള്ളതായും ആയത് സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കി പെൻഷൻ അപേക്ഷ സഹിതം കേരള സ്റ്റേറ്റ് ജില്ലാ ഓഡിറ്റ് സെക്രട്ടറി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതായും അറിയിച്ചിരുന്നു.

6. ശ്രീ. ഉബൈദുള്ളയ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ അനുവദിച്ച ആനുകൂല്യങ്ങൾ ഒന്നുംതന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട് തിരികെ ഈടാക്കിയിട്ടില്ലാത്തതാണെന്നും ടിയാന് ടെർമിനൽ സറണ്ടർ അനുവദിച്ചിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ് എന്നും ടി വിഷയവുമായി ബന്ധപ്പെട്ട് യഥാസമയം നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

7. മേൽ സാഹചര്യത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ റവന്യൂ ഇൻസ്പെക്ടറായി സേവനത്തിൽ നിന്നും വിരമിച്ച ശ്രീ കെ.എ ഉബൈദുള്ളയുടെ അനെക്ഷർ എ 11 നിവേദനപ്രകാരമുള്ള, വനം വകുപ്പിലുണ്ടായിരുന്ന 01.04.1992 മുതൽ 13.02.2003 വരെയുള്ള സേവന കാലയളവ് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പളം പരിരക്ഷിച്ച് നൽകണമെന്നും പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന അനക്ഷർ A11 നിവേദനത്തിലെ ആവശ്യം നിലവിൽ പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ ടിയാന്റെ നിവേദനത്തിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.12.2018 ലെ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യു**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, ~~തിരുവനന്തപുരം~~ എറണാകുളം.( ആമുഖ കത്ത് സഹിതം)

ശ്രീ കെ.എ ഉബൈദുള്ള, റിട്ട.റവന്യൂ ഇൻസ്പെക്ടർ, തൃശ്ശൂർ നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, തൃശ്ശൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ